കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ല- ഖാദി ബോർഡിന്റെ ഖാദി നൂൽപ്പ് കേന്ദ്രത്തിനാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിന് പട്ടുവം ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം. 2011/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 23-7-2012

പരാമർശം : 1. പട്ടുവം ഗ്രാമപഞ്ചായത്തിന്റെ 27-8-11-ലെ 81/11 നമ്പർ തീരുമാനം
2. പഞ്ചായത്ത് ഡയറക്ടറുടെ 14-5-12 ലെ സി2-9070/12 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ പയ്യന്നൂർ ഖാദി കേന്ദ്രത്തിനു കീഴിൽ ഇരുപതോളം സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്ന പട്ടുവം എന്ന സ്ഥലത്തെ ഖാദി നൂൽപ്പ് കേന്ദ്രത്തിനാവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കാൻ ബോർഡിനു കഴിയാത്തതിനാൽ കേന്ദ്രത്തിനാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കണമെന്ന പയ്യന്നൂർ ഖാദി സെന്റർ ഡയറക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിൽ പതിനൊന്നിന പരിപാടിയിൻ കീഴിൽ വായനശാല കെട്ടിടം നിർമ്മിക്കുന്നതിന് വിലയ്ക്ക് വാങ്ങിയ പട്ടവം വില്ലേജ് റി.സ. 283/2AI ൽപ്പെട്ട 20 സെന്റ് സ്ഥലത്തുനിന്നും അഞ്ച് സെന്റ് സ്ഥലം ടി ആവശ്യത്തിന് വിട്ടുനൽകാൻ പരാമർശം (1) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച് സർക്കാരിന്റെ അനുമതിയ്ക്കായി അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പട്ടവം വില്ലേജ് റി.സ. 283/2AI ൽപ്പെട്ട 20 സെന്റ് സ്ഥലത്തുനിന്നും അഞ്ച് സെന്റ് സ്ഥലം അതിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ തന്നെ നിലനിർത്തി ഖാദി ബോർഡിന്റെ ഖാദി നൂൽപ്പ് കേന്ദ്രത്തിനാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിന് അനുവാദം നൽകുന്നതിന് പട്ടുവം ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എൻ. ആർ. ശ്രീലേഖ,
അണ്ടർ സെക്രട്ടറി.

To

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ, തദ്ദേശസ്വയംഭരണ ആഡിറ്റ് ആന്റ് അക്കൗണ്ട്സ്, കേരളം, തിരുവനന്തപുരം
സെക്രട്ടറി, പട്ടുവം ഗ്രാമ പഞ്ചായത്ത് , പട്ടുവം പി.ഒ, കണ്ണൂർ
ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.